**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1626** **01.11.2019-ലെ മറുപടിയ്ക്ക്**

**<u>തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള വിവിധ വകുപ്പുകളുടെ ഏകോപനം</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
| --- | --- |
| **ശ്രീ. റ്റി. വി. രാജേഷ്** | **ശ്രീ.എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി** |
| തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ് എന്നീ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒറ്റ വകുപ്പ് രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ? | പൂർത്തിയായിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച കരട് സ്പെഷ്യൽ റൂൾസിന്മേൽ സർക്കാർ, 2018 നവംബർ 8, 9 തീയതികളിൽ ബന്ധപ്പെട്ട എല്ലാ വിഭാഗം സർവ്വീസ് സംഘടന കളുമായി ചർച്ച നടത്തുകയുണ്ടായി. സർവ്വീസ് സംഘടനകളുമായുള്ള ചർച്ചയിൽ ഉന്നയിച്ച നിർദ്ദേശങ്ങളുടെയും, അഭിപ്രായങ്ങളുടെയും പരിശോധന നടത്തി ആവശ്യമായവ ഉൾക്കൊള്ളിച്ച് സ്റ്റേറ്റ് സർവ്വീസിന്റെ കരട് ചട്ടങ്ങൾ ഭേദഗതി വരുത്തുകയുണ്ടായി. കരട് ചട്ടങ്ങളിന്മേൽ വകുപ്പു മേധാവികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിശോധിക്കുന്നതിനായി 20.09.2019-ലെ സ.ഉ.(സാധാ) നം.2036/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പ്രിൻസിപ്പൽ സെക്രട്ടറി (തദ്ദേശസ്വയംഭരണ-ഗ്രാമീൺ) - ചെയർപേഴ്സൺ, ലോക്കൽ ഗവണ്മെന്റ് കമ്മീഷൻ ചെയർമാൻ - മെമ്പർ, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ - കൺവീനർ എന്നിവരടങ്ങുന്ന 3 അംഗ കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി, ഭേദഗതി വരുത്തിയ കരട് വിശേഷാൽ ചട്ടങ്ങളിന്മേൽ കില ഡയറക്ടറുമായും, പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗര-ഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നീ വകുപ്പ് മേധാവികളുമായും 2019 ഒക്ടോബർ 17, 18 തീയതികളിൽ |

ചർച്ച നടത്തുകയുണ്ടായി. വകുപ്പ തലവന്മാരുടെ നിർദ്ദേശങ്ങളുടെയും അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ കരട് വിശേഷാൽ ചട്ടം സർക്കാർ തലത്തിൽ പരിശോധിച്ചു വരികയാണ്.

**സെക്ഷൻ ഓഫീസർ**